# പതിമൂന്നാം കേരളനിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 4041 25.06.2014 ൽ മറുപടിക്ക്

## ഹീമോഫീലിയ രോഗികൾക്കുള്ള സഹായം

| | ചോദ്യം<br>ശ്രീ. എ. എം. ആരിഫ് : | | മറുപടി<br>ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ഹീമോഫീലിയ രോഗികൾക്ക് എന്തൊക്കെ സഹായങ്ങളാണ് നൽകി വരുന്നത്; | (എ) | ഹീമോഫീലിയ രോഗികൾക്ക് ഫാക്ടർ ഇൻജക്ഷൻ എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും ലഭ്യമാണ്. കാരുണ്യ ബനവലന്റ് ഫണ്ടുമായി സഹകരിച്ച് ഹീമോഫീലിയ രോഗികൾക്കുള്ള ഫാക്ടർ-7, ഫാക്ടർ-8, ഫാക്ടർ-9, ഫീബിയ തുടങ്ങിയ മരുന്നുകൾ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ മുഖേന വിതരണം നടത്തി വരുന്നു. സാമൂഹ്യനീതി വകുപ്പിൽ നിന്നും പുറപ്പെടുവിച്ച 01.03.2014-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നം.17/2014/ സാനീവ നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ ഹീമോഫീലിയ രോഗബാധിതർക്ക് 2014-15 സാമ്പത്തിക വർഷം മുതൽ 1000/- (ആയിരം രൂപ) രൂപ നിരക്കിൽ പെൻഷൻ നൽകുന്ന പദ്ധതി കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. |
| (ബി) | ഒരു ചെറിയ മുറിവ് വന്നാൽപോലും ഈ രോഗികൾക്ക് വലിയ ചെലവ് വരും എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | ഹീമോഫീലിയ രോഗികളുടെ മുഴുവൻ ചികിത്സാചെലവുകളും സർക്കാർ വഹിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) | ഇക്കാര്യത്തിൽ ആരോഗ്യ വകുപ്പിനു കീഴിൽ സ്കീമുകളൊന്നും നിലവിലില്ല. |

Manjith

സെക്ഷൻ ഓഫീസർ